(ഡി) അന്വേഷണത്തിന്റെ ഫലമായി കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

കൊള്ളമല എ.എൻ.ആർ. ഏരിയയിൽ കേരള ഫോറസ്ട്രി പ്രോജക്ട് സ്കീമിൽ നടന്ന ജോലികളിൽ നടന്ന ക്രമക്കേടുകൾക്ക് അന്നത്തെ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ, റെയിഞ്ചോഫീസർ, ഫോറസ്റ്റർ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു. തുടർന്ന് മൂന്നുപേർക്ക് കുറ്റപത്രം നൽകുകയും ഔദ്യോഗിക അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. കോട്ടയം, കോതമംഗലം വനം ഡിവിഷനുകളിൽ കേരള ഫോറസ്ട്രി പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ തോട്ടം നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതിയുടെ വെളിച്ചത്തിൽ വിജിലൻസ് സി.സി.എഫ്. അന്വേഷണം നടത്തുകയും കുറ്റക്കാരായ മൂന്നു ഡി.എഫ്.ഒ., 4 റെയിഞ്ചോഫീസർമാർ, 4 ഫോറസ്റ്റർമാർ, 5 ഫോറസ്റ്റ് ഗാർഡുമാർ എന്നിവരുടെ പേരിൽ ശിക്ഷാനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടു ഡി.എഫ്.ഒ.-മാരെയും രണ്ടുഫോറസ്റ്റർമാരെയും സസ്പെന്റ് ചെയ്യുകയും പിന്നീട് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ എല്ലാ ഉദ്യോഗസ്ഥർക്കും അച്ചടക്ക നടപടിയുടെ ഭാഗമായി കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിട്ടുണ്ട്. തുടർന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്നത്തെ ഹൈറെയിഞ്ച് സർക്കിൾ കൺസർവേറ്റർ ഉൾപ്പെടെ 14 വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കേരള ഫോറസ്ട്രി പ്രോജക്ടിനുവേണ്ടി അനുവദിച്ച തുക ദുരുപയോഗം ചെയ്തെന്ന് കാണിച്ച് വി.സി. 8/00/ഐ.ഡി.കെ. ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ തൊടുപുഴ റെയിഞ്ചിലെ വനവൽക്കരണ ജോലിയിലെ അഴിമതിയുടെ ഭാഗമായി ഒരു റെയിഞ്ചോഫീസറെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുമുണ്ട്.

(ഇ) ഫോറസ്ട്രി പ്രോജക്ടിന്റെ പ്രവർത്തനം നിഷ്പക്ഷവും ഫലപ്രദവുമായി തന്നെയാണ് നടത്തിയിട്ടുള്ളത്.

എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ ഉപയോഗം

*19 [223] ശ്രീ. ബിനോയ് വിശ്വം:

,, എം. കുമാരൻ:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ എന്ന കീടനാശിനി എന്നു മുതലാണ് കാസർഗോട്ടെ പ്ലാന്റേഷൻ കോർപ്പറേഷൻ വക കശുമാവിൻ തോട്ടങ്ങളിൽ ഉപയോഗിച്ചു തുടങ്ങിയത്;

(ബി) ഒരേ കീടനാശിനി ഒരേ തരത്തിലുള്ള കീടത്തെ നശിപ്പിക്കുവാൻ ഒരേ വിളയിൽ 20 വർഷത്തിലേറെ ഉപയോഗിച്ചാൽ പ്രതിരോധം സൃഷ്ടിക്കുവാൻ കീടത്തിന് കഴിയുമെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനെപ്പറ്റിയുള്ള ആധികാരിക പഠനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കാസർഗോട്ടെ പാദ്രേ ഗ്രാമത്തിലും പരിസര പഞ്ചായത്തുകളിലും അധിവസിക്കുന്ന ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ശാരീരിക വൈകല്യങ്ങൾ എൻഡോ സൾഫാന്റെ തുടർച്ചയായുള്ള ഉപയോഗം മൂലം ഉണ്ടായിട്ടുള്ളതാണെന്നുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിൻമേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും ഇപ്പോഴത്തെ അവയുടെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(എഫ്) എൻഡോസൾഫാന് പകരമായി കശുമാവിലെ തേയില കൊതുകിനെ നിയന്ത്രിക്കുവാൻ എന്തെല്ലാം ബദൽ മാർഗ്ഗങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്നും അവയിൽ ഏതെല്ലാമാണ് ഇപ്പോൾ പ്രയോജനപ്പെടുത്തി വരുന്നതെന്ന് വിശദമാക്കാമോ;

(ജി) എൻഡോസൾഫാൻ എന്ന മാരകമായ കീടനാശിനി കേരളത്തിൽ ഏതെല്ലാം വിളകൾക്കാണ് ഇപ്പോൾ ഉപയോഗിക്കുന്നതെന്നും അവയുടെ മൊത്തം ഉപഭോഗവും അതിന് വരുന്ന ചെലവും എത്രയാണെന്നും വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരിയമ്മ):

(എ) 1978-1979 മുതലാണ് ഉപയോഗിക്കുവാൻ തുടങ്ങിയത്. 23-12-2000-ത്തിന് ശേഷം പ്ലാന്റേഷൻ കോർപ്പറേഷൻ വക ഒരു എസ്റ്റേറ്റിലും എൻഡോസൾഫാൻ തളിക്കുന്നില്ല.

(ബി) ഒരേ കീടനാശിനിയുടെ ദീർഘകാല പ്രയോഗത്തിലൂടെ കീടങ്ങൾക്ക് പ്രതിരോധശക്തി നേടുവാൻ സാധ്യതയുണ്ട്.

(സി) ആധികാരിക പഠനം നടത്തുവാൻ കേരള ഗവൺമെന്റ് രണ്ടു കമ്മിറ്റികളെ നിയമിച്ചു:

1. അച്ചുതൻ കമ്മിറ്റി.
2. കേരള കാർഷിക സർവ്വകലാശാല.

(ഡി) സംസ്ഥാന ഗവൺമെന്റ് നിയോഗിച്ച അച്ചുതൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരവും കേന്ദ്രഗവൺമെന്റ് നിയോഗിച്ച ദുബെ കമ്മിറ്റി റിപ്പോർട്ട് പ്രകാരവും കാർഷിക സർവ്വകലാശാലയുടെ റിപ്പോർട്ട് പ്രകാരവും കേരളത്തിൽ എൻഡോ സൾഫാന്റെ ഉപയോഗം മൂലമാണ് കാസർഗോട്ടെ പാദ്രേ ഗ്രാമത്തിലെ ജനങ്ങൾക്ക് ശാരീരികവൈകല്യങ്ങൾ ഉണ്ടായതെന്ന് ആധികാരികമായി സ്ഥാപിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 23-12-2000-ന് ശേഷം പ്ലാന്റേഷൻ കോർപ്പറേഷന്റെ ഒരു തോട്ടത്തിലും എൻഡോസൾഫാൻ തളിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ അധികാരം ഉപയോഗിച്ച് എൻഡോസൾഫാൻ തളിക്കുന്നത് സ്റ്റേ ചെയ്തത് 25-8-2001 മുതലാണ്. ഇതിനെതിരെ പെസ്റ്റിസൈഡ് മാനുഫാക്ടറേഴ്സ് അസോസിയേഷന് കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒരു കേസിൽ ഉണ്ടായ ഇടക്കാല ഉത്തരവിൽ ഈ പ്രശ്നം പഠിക്കുവാൻ സംസ്ഥാന ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടുകളിൻമേൽ ഇൻസെക്ടിസൈഡ്സ് ആക്ടിലെ സെക്ഷൻ 27 കൂടി കണക്കിലെടുത്ത് തീരുമാനം കൈക്കൊള്ളുവാൻ ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകി. അതനുസരിച്ച് ഗവൺമെന്റ് നിയോഗിച്ച അച്ചുതൻ കമ്മിറ്റിയുടേയും കാർഷിക സർവ്വകലാശാലയുടെയും അന്വേഷണ റിപ്പോർട്ടുകൾ ഗവൺമെന്റ് പരിശോധിക്കുകയും അതിൻമേൽ ക്യാബിനറ്റ് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. തീരുമാനം എടുക്കുകയും ചെയ്തു.† ഇതിനുപുറമേ പ്രസ്തുത റിപ്പോർട്ടുകൾ തീരുമാനം എടുക്കുന്നതിനായി കേന്ദ്ര പെസ്റ്റിസൈഡ്സ് രജിസ്ട്രേഷൻ കമ്മിറ്റിക്ക് അയച്ചുകൊടുക്കുകയും ചെയ്തു. പാദ്രേ വില്ലേജിലെ ആരോഗ്യ പ്രശ്നങ്ങൾ മൂലം ദുരിതം അനുഭവിക്കുന്നവർക്ക് ആവശ്യമായ ചികിത്സയും മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്ത് വികലാംഗ കോർപ്പറേഷനുമായി സഹകരിച്ച് പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(എഫ്) പാദ്രേ ഗ്രാമത്തിൽ അഞ്ചുകൊല്ലക്കാലത്തേയ്ക്ക് പെസ്റ്റിസൈഡ് ഹോളിഡേ ഡിക്ലെയർ ചെയ്തതുകൊണ്ട് അവിടെ ഒരു കീടനാശിനിയും ഉപയോഗിക്കുന്നില്ല.

(ജി) ദുബെ കമ്മിറ്റി റിപ്പോർട്ട് വന്നതിനുശേഷവും സ്റ്റേ നിലനിൽക്കുന്നതിനാലും സ്റ്റേ വെക്കേറ്റ് ചെയ്യുവാൻ ആരും പെറ്റീഷൻ ഫയൽ ചെയ്തിട്ടില്ലാത്തതിനാലും കേരളത്തിൽ ആരും എൻഡോസൾഫാൻ തളിക്കുന്നില്ല എന്ന് കരുതുന്നു.

സംസ്ഥാനത്തിന് അനുവദിക്കുന്ന റേഷൻ വിഹിതം

*20 [224] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് അനുവദിക്കുന്ന റേഷൻ വിഹിതത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദീകരിക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി കാർത്തികേയൻ):

(എ) ഇല്ല.

(ബി) ബാധകമല്ല.

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly